പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1193 * 12.07.2016-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ജീവനക്കാരുടെ പി.എഫ്. ലോൺ

| ചോദ്യം<br>ശ്രീ. എം. ഉമ്മർ | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പി.എഫ്. ലോൺ (താല്ക്കാലിക) അനുവദിക്കുന്നതിൽ നിലവിൽ തുടരുന്ന മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | 3 വർഷം സർവ്വീസ് പൂർത്തിയാക്കിയവർക്കും റിട്ടയർമെന്റിന് 3 വർഷം വരെ സർവ്വീസ് ബാക്കി ഉള്ളവർക്കും താൽക്കാലിക ലോൺ അനുവദിക്കാറുണ്ട്. 25000 രൂപ വരെ യൂണിറ്റിലും അതിൽ കൂടുതൽ ഉള്ള തുക ചീഫ് ഓഫീസ് തലത്തിലുമാണ് അനുവദിക്കുന്നത്. |
| (ബി) | പി.എഫ്. ലോൺ അനുവദിച്ചു നൽകുന്നതിൽ അനാവശ്യമായ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഇല്ല. |
| (സി) | അപേക്ഷ ലഭിച്ചാൽ സമയബന്ധിതമായി ലോൺ തുക നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദമാക്കാമോ ? | (സി) | അപേക്ഷ ലഭിക്കുന്നതിന്റെ സീനിയോറിറ്റി അനുസരിച്ച് സമയബന്ധിതമായി ലോൺ അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ